# ഖുർആൻ ബോധനം

എ.വൈ.ആർ

639

സൂറ-15

# അൽ ഹിജ്ർ

85 ആകാശഭൂമികളെയും അവക്കിടയിലുള്ള സമസ്ത വസ്തുക്കളെയും യാഥാർഥ്യമായിട്ടല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല. വിധിനിർണയ സമയം തീർച്ചയായും വന്നെത്തുക തന്നെ ചെയ്യും. അതിനെ നിഷേധിക്കുന്ന അവിവേകികളോട് പ്രവാചകൻ മാന്യമായ വിട്ടുവീഴ്ചയോടെ വർത്തിക്കുക.
86 നിന്റെ വിധാതാവ് തീർച്ചയായും സർവജ്ഞനായ സൃഷ്ടിവല്ലഭനാകുന്നു.
87 നാം നിനക്ക് ആവർത്തിച്ചുരുവിടാനുള്ള സപ്ത സൂക്തങ്ങളും ഖുർആനും അരുളിയിരിക്കുന്നു.
88 ജനത്തിലെ വിവിധ വിഭാഗങ്ങൾക്ക് നാം നൽകിയിട്ടുള്ള ഭൗതിക വിഭവങ്ങളിൽ നീ കണ്ണുവെക്കേണ്ടതില്ല. അവരെയോർത്ത് വ്യസനിക്കുകയും വേണ്ട. എന്നാൽ സത്യവിശ്വാസികളോട് നീ കാരുണ്യവും വാത്സല്യവുമുള്ളവനായിരിക്കേണം.

وَمَا خَلَقْنَا ٱلسَّمَٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَآ إِلَّا بِٱلْحَقِّ ۗ وَإِنَّ ٱلسَّاعَةَ لَءَاتِيَةٌ ۖ
فَٱصْفَحِ ٱلصَّفْحَ ٱلْجَمِيلَ ﴿٨٥﴾

إِنَّ رَبَّكَ هُوَ ٱلْخَلَّٰقُ ٱلْعَلِيمُ ﴿٨٦﴾

وَلَقَدْ ءَاتَيْنَٰكَ سَبْعًا مِّنَ ٱلْمَثَانِى وَٱلْقُرْءَانَ ٱلْعَظِيمَ ﴿٨٧﴾

لَا تَمُدَّنَّ عَيْنَيْكَ إِلَىٰ مَا مَتَّعْنَا بِهِۦٓ أَزْوَٰجًا مِّنْهُمْ وَلَا تَحْزَنْ عَلَيْهِمْ
وَٱخْفِضْ جَنَاحَكَ لِلْمُؤْمِنِينَ ﴿٨٨﴾

وَمَا خَلَقْنَا= നാം സൃഷ്ടിച്ചിട്ടില്ല ٱلسَّمَٰوَٰتِ وَٱلْأَرْضَ= ആകാശഭൂമികളെ
وَمَا بَيْنَهُمَآ= അവക്കിടയിലുള്ളതിനെ(സമസ്ത വസ്തുക്കളെ)യും إِلَّا بِٱلْحَقِّ= യാഥാർഥ്യം(ആയി)കൊണ്ട് അല്ലാതെ
وَإِنَّ ٱلسَّاعَةَ= (വിധിനിർണയ)സമയം لَءَاتِيَةٌ= വന്നെത്തുന്നതുതന്നെയാകുന്നു(വന്നെത്തുകതന്നെ ചെയ്യും)
فَٱصْفَحِ= (അതിനെ നിഷേധിക്കുന്ന അവിവേകികളോട് പ്രവാചകൻ) വിട്ടുവീഴ്ചയോടെ വർത്തിക്കുക
ٱلصَّفْحَ ٱلْجَمِيلَ= മാന്യമായ വിട്ടുവീഴ്ച إِنَّ رَبَّكَ= നിന്റെ വിധാതാവ് هُوَ= തീർച്ചയായും അവൻ
ٱلْخَلَّٰقُ= സൃഷ്ടിവല്ലഭനാകുന്നു ٱلْعَلِيمُ= സർവജ്ഞനായ وَلَقَدْ ءَاتَيْنَٰكَ= തീർച്ചയായും നാം നിനക്ക് നൽകിയിരിക്കുന്നു
سَبْعًا= ഏഴിനെ(സപ്തസൂക്തങ്ങൾ) مِّنَ ٱلْمَثَانِى= (ആവർത്തിക്കുന്ന(ർത്തിച്ചുരുവിടാനുള്ള)
وَٱلْقُرْءَانَ ٱلْعَظِيمَ= മഹത്തായ ഖുർആനിനെയും لَا تَمُدَّنَّ عَيْنَيْكَ= നിന്റെ രണ്ടു കണ്ണുകളെ നീട്ടരുത് നീ(കണ്ണുവെച്ചുകൂടാ)
إِلَىٰ مَا مَتَّعْنَا بِهِۦ= (നാം നൽകിയിട്ടുള്ള ഭൗതിക വിഭവങ്ങളിലേക്ക്) എന്തിനാലാണോ നാം സുഖിപ്പിച്ചിട്ടുള്ളത് അതിലേക്ക്
أَزْوَٰجًا مِّنْهُمْ= അവരിൽപ്പെട്ട(വിവിധ) വിഭാഗങ്ങൾക്ക് وَلَا تَحْزَنْ عَلَيْهِمْ= അവ(രെയോർത്ത്)രുടെ മേൽ നീ ദുഃഖിക്കുകയും വേണ്ട

وَٱخۡفِضۡ جَنَاحَكَ= നിന്റെ ചിറക് നീ താഴ്ത്തിക്കൊടുക്കുക(നീ വിനയവും വാത്സല്യവുമുള്ളവനായിരിക്കേണം)

لِلۡمُؤۡمِنِينَ= സത്യവിശ്വാസികളോട്

**85,86:** ഇവിടം മുതൽ മുഹമ്മദ് നബി(സ)യെ നേരിട്ട് സംബോധന ചെയ്തുകൊണ്ടാണ് പ്രഭാഷണം. സൂറയുടെ ഈ സമാപന സൂക്തങ്ങളിൽ ഉള്ളടക്കത്തിന്റെ സാരാംശത്തിലേക്ക് പ്രവാചകന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ക്ഷമയോടെ സ്ഥൈര്യത്തോടെ സ്വന്തം ദൗത്യവുമായി മുന്നോട്ടുപോകാൻ ഉദ്ബോധിപ്പിക്കുകയാണ്. പ്രപഞ്ചം അലക്ഷ്യമായോ നിരർഥകമായോ സൃഷ്ടിച്ച ഒന്നല്ല. ഇതു വെറുമൊരു കളിക്കോപ്പുമല്ല. അങ്ങനെ വ്യർഥമായി സൃഷ്ടിക്കുകയും സംഹരിക്കുകയും ചെയ്യുന്നവനല്ല സർവജ്ഞനും യുക്തിമാനുമായ അല്ലാഹു. അവന്റെ ഓരോ സൃഷ്ടിയും വ്യക്തമായ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ ആസൂത്രിതമായി സൃഷ്ടിച്ചിട്ടുള്ളതാണ്. നൈതികവും ധാർമികവുമാണാ ലക്ഷ്യങ്ങൾ. പ്രപഞ്ചത്തിൽ കാണപ്പെടുന്ന ആസൂത്രണ വൈഭവത്തിന്റെയും ലക്ഷ്യോന്മുഖതയുടെയും അനിവാര്യതയാണ്, ആ ലക്ഷ്യപ്രാപ്തി പരിശോധിക്കപ്പെടുന്ന ഒരവസരം ഉണ്ടായിരിക്കുക എന്നത്. ജന്മലക്ഷ്യമായ സത്യവും ധർമവും സാക്ഷാത്കരിച്ചവർക്ക് അന്ന് അവരർഹിക്കുന്ന പ്രതിഫലം ലഭിക്കണം. ഈ ലക്ഷ്യം പാഴാക്കിയവർക്ക് അതിന്റെ തിക്തഫലവും ലഭിക്കണം. അതിനാൽ ലോകാവസാനവും ഉയിർത്തെഴുന്നേൽപും സംഭവിക്കുക തന്നെ ചെയ്യും. ലോകം അതിന്റെ അന്ത്യത്തോടടുത്തുകൊണ്ടിരിക്കുകയാണ്. ഇന്ന് താങ്കളെയും താങ്കൾ പ്രബോധനം ചെയ്യുന്ന സത്യധർമങ്ങളെയും നിഷേധിക്കുന്നവരുടെ അതിക്രമങ്ങൾ കാര്യമാക്കേണ്ട. അവരോട് ഭംഗിയായി ക്ഷമിക്കുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യുക. ഭംഗിയായി വിട്ടുവീഴ്ച ചെയ്യുക فَٱصۡفَحِ ٱلصَّفۡحَ ٱلۡجَمِيلَ- എന്നതിന്റെ താൽപര്യമിതാണ്: അവരുടെ ദ്രോഹങ്ങൾക്ക് അതേ നാണയത്തിൽ പ്രതികാരം ചെയ്യാൻ ശ്രമിക്കരുത്. നിരാശപ്പെടുകയും വേണ്ട. അവരുടെ മൂഢവർത്തനമാനങ്ങൾക്ക് മറുപടി പറയാനും മെനക്കെടേണ്ട. അതൊന്നും കണ്ടില്ല, കേട്ടില്ല എന്ന ഭാവത്തിൽ പ്രബോധന ദൗത്യത്തിൽ നിരതനായിരിക്കേണം. അവരുടെ നടപടികളൊക്കെ അല്ലാഹു കാണുന്നുണ്ട്. ഈ ജനങ്ങൾ അധാർമികവും അക്രമാസക്തവുമായ നടപടികളിൽനിന്ന് പിന്മാറുന്നില്ലെങ്കിൽ പ്രവാചകന്മാരെ തള്ളിപ്പറഞ്ഞ പൂർവസമുദായങ്ങളുടെ ഗതി തന്നെയായിരിക്കും അവരുടേതും.

عفو ന്റെ പര്യായമാണ് صفح. എങ്കിലും രണ്ടിന്റെയും ആശയത്തിൽ ചെറിയ വ്യത്യാസമുണ്ട്. ചെയ്ത തെറ്റിനെ ആക്ഷേപിക്കുമെങ്കിലും ശിക്ഷിക്കാതെ ദാക്ഷിണ്യം കാട്ടുകയാണ് عفو. ശിക്ഷയോടൊപ്പം ആക്ഷേപവും ഒഴിവാക്കിക്കൊണ്ട് അങ്ങനെയൊന്ന് താൻ കണ്ടിട്ടേയില്ല എന്ന മട്ടിൽ പെരുമാറുകയാണ് صفح.

**87:** പ്രവാചകന്റെ ചുറ്റുമുണ്ടായിരുന്ന പ്രതിയോഗികൾ ധാരാളം സമ്പത്തും സ്ഥാനമാനങ്ങളുമുള്ളവരാണ്. പ്രവാചകനും സഖാക്കളുമാകട്ടെ പരമദരിദ്രരും. ഈ പശ്ചാത്തലത്തിൽ അല്ലാഹു അദ്ദേഹത്തെ ആശ്വസിപ്പിക്കുകയാണ്: അവരുടെ സമ്പത്തും സ്ഥാനമാനങ്ങളും കണ്ട് താങ്കൾക്ക് ഒട്ടും അപകർഷം തോന്നേണ്ടതില്ല. വാസ്തവത്തിൽ അവരുടെ കൈവശമുള്ളതിനെക്കാളെല്ലാം വിപുലവും മഹത്തരവുമായ സൗഭാഗ്യം അല്ലാഹു താങ്കൾക്കരുളിയിരിക്കുന്നു. താങ്കളുടെ വിജയത്തിന്റെയും പ്രതാപത്തിന്റെയും ഈടുവെയ്പാണത്. ദൈവിക ദീനിന്റെ വൈരികളെ നേരിടാൻ താങ്കൾക്ക് മറ്റൊന്നും ആവശ്യമില്ല. ഈ ഖുർആനിന്റെ ഉത്തരവാദിത്വം യഥാവിധി ഏറ്റെടുത്താൽ അതു തന്നെയാണ് അസത്യത്തിനും അധർമത്തിനുമെതിരെയുള്ള ഏറ്റവും ശക്തമായ ആയുധം. മറ്റൊരിടത്ത് ഈ ആശയം അവതരിപ്പിക്കുന്നതിങ്ങനെയാണ്: إِنَّ ٱلَّذِى فَرَضَ عَلَيۡكَ ٱلۡقُرۡءَانَ لَرَآدُّكَ إِلَىٰ مَعَادٍ (ഈ ഖുർആൻ നിന്നിൽ ചുമത്തിയവൻ നിന്നെ മഹത്തായ ഒരു പരിണതിയിലെത്തിക്കുക തന്നെ ചെയ്യുമെന്ന് ഉറപ്പിച്ചുകൊള്ളൂ -28:85).

سَبۡعًا مِّنَ ٱلۡمَثَانِى എന്നവാക്കിനെയാണ് ആവർത്തിച്ചുരുവിടാനുള്ള സപ്ത സൂക്തങ്ങൾ എന്ന തർജമ ചെയ്തിട്ടുള്ളത്. സൂറതുൽ ഫാതിഹയിലെ ഏഴു സൂക്തങ്ങളാണിതുകൊണ്ടുദ്ദേശ്യമെന്ന് ഭൂരിപക്ഷം പണ്ഡിതന്മാർ പറഞ്ഞിരിക്കുന്നു. 'ബിസ്മില്ലാഹിർറഹ്മാനിർറഹീം' ഉൾപ്പെടെയാണ് ഫാതിഹ ഏഴു സൂക്തങ്ങളാകുന്നത്. മുസ്‌ലിം ദിവസേന നമസ്കാരത്തിൽ ആവർത്തിച്ചു പാരായണം ചെയ്യുന്നതുകൊണ്ടാണ് അതിനെ مثاني എന്നു വിശേഷിപ്പിച്ചത്. ثنّى (ആവർത്തിച്ചു) എന്ന ക്രിയയുടെ കർതൃപദമായ مثنى യുടെ ബഹുവചനമാണ് مثاني. സൂറതുൽ ഫാതിഹ തന്നെയാണ് سبع المثانى എന്ന് വ്യക്തമാക്കിക്കൊണ്ട് നബി(സ) ഇപ്രകാരം പ്രസ്താവിച്ചതായി പ്രബലമായ നിവേദനമുണ്ട്: إن أم القرآن هى السبع المثانى (ഉമ്മുൽ ഖുർആൻ (സൂറതുൽ ഫാതിഹ) തന്നെയാണ് സബ്ഉൽ മസാനി).

سبع المثانى യുടെ മറ്റൊരു വ്യാഖ്യാനം ഇങ്ങനെയാണ്: അൽബഖറ, ആലുഇംറാൻ, അന്നിസാഅ്, അൽമാഇദ, അൽ അൻആം, അൽ അഅ്റാഫ്, അൻഫാൽ എന്നീ ഏഴുസൂറകളാണത്. ചിലർ സൂറ തൗബയെയും ചിലർ സൂറ യൂനുസിനെയും ഇക്കൂട്ടത്തിലുൾപ്പെടുത്തിയിരിക്കുന്നു. ചില കഥകളും നിയമങ്ങളും ആവർത്തിച്ചു പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടാണിവയെ مثاني എന്നു വിശേഷിപ്പിച്ചത്.

ഖുർആൻ മുഴുവനുമാണ് سبع المثانى കൊണ്ട് വിവക്ഷ എന്നാണ് മൂന്നാമത്തെ വ്യാഖ്യാനം. സൂറ അസ്സുമർ 23-ാം സൂക്തത്തിൽ ഖുർആനിനെ ഇപ്രകാരം വർണിച്ചിരിക്കുന്നു: ٱللَّهُ نَزَّلَ أَحۡسَنَ ٱلۡحَدِيثِ كِتَٰبًا مُّتَشَٰبِهًا مَّثَانِىَ (സമുൽകൃഷ്ടമായ വചനങ്ങളത്രെ അല്ലാഹു അവതരിപ്പിച്ചിട്ടുള്ളത് ഘടകങ്ങളൊക്കെയും പരസ്പരം ചേർന്നതും വിഷയങ്ങൾ ആവർത്തിച്ചുറപ്പിക്കപ്പെട്ടതുമായ ഒരു വേദം). ഈ അടിസ്ഥാനത്തിൽ المثانى ഖുർആന്റെ പേരുകളിലൊന്നാണ്.

ആദ്യ വ്യാഖ്യാനങ്ങൾ പ്രകാരം سبع المثانى യോട് والقرآن എന്ന് ഖുർആനിനെ സമാസിച്ചത് ശകലത്തോട് സാകല്യത്തെ സമാസിച്ചതാണ്. മുടിയും തലയും എന്നൊക്കെ പറയുന്നതുപോലെ. ഒടുവിലത്തെ വ്യാഖ്യാനപ്രകാരം ആളും മനുഷ്യനും എന്നു പറയുന്നതുപോലെ പര്യായങ്ങളുടെ സമാസമാണത്.

سبع المثانى ഖുർആൻ മുഴുവനുമാണ് എന്ന് വെക്കുമ്പോൾ ഇവിടെ 'ഏഴ്' എന്ന അക്കത്തിന്റെ അർഥമെന്ത് എന്നൊരു ചോദ്യമുണ്ട്. ഈ വ്യാഖ്യാനക്കാരിൽ ചിലർ നൽകുന്ന മറുപടി ഇതാണ്. ഏഴു ഗ്രൂപ്പുകളായി തിരിക്കാവുന്ന വിധമാണ് ഖുർആൻ സൂറ

കളുടെ ക്രോഡീകരണം. ഓരോ ഗ്രൂപ്പിലെയും സൂറകൾ പ്രതിപാദിക്കുന്ന വിഷയങ്ങൾക്കു പൊതു സ്വഭാവമുണ്ടായിരിക്കും.

സൂറ അൽഫാതിഹയെ سبع المثاني എന്ന് വിശേഷിപ്പിക്കുന്ന ഹദീസുകളെ ഈ വ്യാഖ്യാനക്കാർ നിഷേധിക്കുന്നില്ല. ഒരു സൂറയെ ഖുർആൻ എന്നു വിശേഷിപ്പിക്കുന്നതുപോലെയാണവരതു കാണുന്നത്. സൂറ അൽഫാതിഹ ഖുർആന്റെ മുഖവുരയുടെ സ്ഥാനത്താണ്. അതിൽ സംഗ്രഹിച്ച സാരത്തിന്റെ വിശദീകരണമാണ് ശിഷ്ടം ഖുർആൻ മുഴുവൻ. ഏഴു സൂക്തങ്ങളാണ് ഫാതിഹയിലുള്ളത്. ആ ഏഴു സൂക്തങ്ങളുടെ ബഹുമുഖമായ വിശദീകരണമാണ് ഇതര സൂറകളിലുള്ളത്. ഈയടിസ്ഥാനത്തിൽ ഇവിടെ പറഞ്ഞ سبع المثاني ഖുർആൻ തന്നെയാണ്.

**88:** أزواج ന്റെ ഭാഷാർഥം ഇണകൾ, ഭർത്താക്കൾ എന്നാണ്. വിഭാഗം, തട്ട് എന്ന അർഥത്തിലും ഉപയോഗിക്കും. സൂറ അൽവാഖിഅയിൽ وَكُنتُمْ أَزْوَاجًا ثَلَاثَةً എന്നുപറഞ്ഞിട്ടുള്ളത്, 'നിങ്ങൾ മൂന്നു വിഭാഗങ്ങൾ അഥവാ തട്ടുകൾ ആകുന്നു' എന്ന അർഥത്തിലാണ്.

ഈ സൂക്തത്തിന് രണ്ട് അർഥതലങ്ങളുണ്ട്. ഒന്നു, പൊതുവായത് രണ്ട്. പശ്ചാത്തലവുമായി ബന്ധപ്പെട്ടത്. ഒന്ന്, ദുഷ്ടരായാലും ശിഷ്ടരായാലും സൃഷ്ടികൾക്കുള്ള സൗഭാഗ്യങ്ങൾ അല്ലാഹു നൽകുന്നതാണ്. അല്ലാഹു ഉദ്ദേശിച്ചത് ഓരോരുത്തർക്കും ലഭിക്കുന്നു. അല്ലാഹു അന്ധമായോ അയുക്തികമായോ ആർക്കും ഒന്നും നൽകുന്നില്ല. മനുഷ്യരെ സംബന്ധിച്ചേടത്തോളം അവനിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പരീക്ഷണം താൽപര്യപ്പെടുന്ന ഗുണങ്ങളാണ് ഓരോ വ്യക്തിക്കും നൽകുന്നത്. ഒരാൾക്കുള്ള സൗഭാഗ്യങ്ങൾ തനിക്കു കിട്ടിയെങ്കിൽ എന്ന് മറ്റുള്ളവർ കൊതിക്കരുത്. ഓരോരുത്തർക്കും വേണ്ടത് അവർ സ്വയം പ്രയത്നിച്ചു നേടുകയാണ് വേണ്ടത്. അല്ലാഹു എല്ലാവർക്കും അവരർഹിക്കുന്നത് നൽകിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം പ്രത്യക്ഷമായതും പരോക്ഷമായതുമുണ്ട്. സമ്പത്തും സ്ഥാനമാനങ്ങളും പ്രത്യക്ഷമായ നേട്ടങ്ങളാണ്. അതുണ്ടായതുകൊണ്ടുമാത്രം മനുഷ്യൻ ജീവിത സാഫല്യവും സന്തോഷവും നേടണമെന്നില്ല. അതിനെക്കാൾ മഹത്തരമാണ് ജ്ഞാനം, വിശ്വാസം, സമാധാനം തുടങ്ങിയ ആന്തരികാനുഗ്രഹങ്ങൾ. അതുള്ളവർക്ക് സമ്പത്തിന്റെയും സ്ഥാനമാനങ്ങളുടെയും സുഖമുണ്ടാകണമെന്നില്ല. അല്ലാഹു എല്ലാ മനുഷ്യരെയും ഒരുപോലെ സമ്പന്നരും സ്ഥാനികളും വിജ്ഞരും വിശ്വാസികളുമാക്കി സൃഷ്ടിച്ചിരുന്നുവെങ്കിൽ ഇപ്പറഞ്ഞ ഗുണങ്ങൾക്കൊന്നും ഒരു വിശേഷവും ഉണ്ടാവില്ല. മനുഷ്യർക്കിടയിലെ വ്യക്തിത്വവും സ്വത്വവും ജീവിതപരീക്ഷണവുമെല്ലാം നിരർഥകമാകുമായിരുന്നു. ഓരോ മനുഷ്യനും തനതായ വ്യക്തിത്വം നൽകിയിട്ട് അവൻ ആ വ്യക്തിത്വത്തെ സാക്ഷാത്കരിക്കുന്നുവോ എന്ന് പരീക്ഷിക്കുകയാണ്. ഈ വ്യക്തിത്വ സാക്ഷാത്കരണത്തിലൂടെയാണ് മനുഷ്യ സമൂഹവും ലോകവും പുരോഗമിക്കുന്നത്. അതുകൊണ്ട് അന്യന്റേത് തനിക്കു കിട്ടിയെങ്കിൽ എന്നു കൊതിക്കുന്നതിനു പകരം തനിക്ക് വിധിച്ചത് കണ്ടെത്താൻ പ്രയത്നിക്കുകയാണ് ഓരോ മനുഷ്യനും ചെയ്യേണ്ടത്. അന്യരുടേതിലുള്ള കൊതി, അസൂയയും സംഘർഷവുമാണ് സൃഷ്ടിക്കുക. അന്യന്റേത് സ്വന്തമാക്കുന്നതിൽ വിജയിച്ചാലും ഇല്ലെങ്കിലും അതുവഴി ലോകത്ത് പുതുതായൊന്നും നിർമിക്കപ്പെടുന്നില്ല. നിർമിതമായത് സ്ഥാനം മാറുന്നേയുള്ളൂ. ഓരോരുത്തരും അവരവർക്ക് വിധിച്ചത് സ്വപ്രയത്നത്തിലൂടെ കണ്ടെടുക്കുമ്പോഴാണ് പുതിയത് നിർമിക്കപ്പെടുന്നതും ലോകം പുരോഗമിക്കുന്നതും.

لَا تَمُدَّنَّ عَيْنَيْكَ എന്ന മൂലവാക്കിനെയാണ് നീ കണ്ണുവയ്ക്കരുത് എന്ന് തർജമ ചെയ്തിട്ടുള്ളത്. مدّ ക്ക് നീട്ടി, വിശാലമാക്കി, പോഷിപ്പിച്ചു എന്നെല്ലാമാണ് അർഥം. مد الأرض ഭൂമിയെ വിശാലമാക്കി. مد العمر ആയുർദൈർഘ്യം. مدّ رجليه في الأرض അയാൾ തന്റെ നിർമിതികൾകൊണ്ട് ഭൂമിയെ വികസിപ്പിച്ചു. ഒരു വസ്തു തനിക്ക് കിട്ടിയെങ്കിൽ എന്ന ആർത്തിയോടെ തുറിച്ചു നോക്കി എന്ന അർഥത്തിലുള്ള പ്രയോഗമാണ് مدّ عينيه إليه.

സൂക്തത്തിന്റെ പശ്ചാത്തലവുമായി ബന്ധപ്പെട്ട പ്രത്യേക അർഥം ഇതാണ്: പ്രവാചകാ, താങ്കൾക്ക് നാം യഥാർഥ സൗഭാഗ്യവും യശസ്സും ഉറപ്പുനൽകുന്ന ഖുർആനാകുന്ന മഹാനുഗ്രഹം അരുളിയിരിക്കെ, താങ്കളുടെ സന്ദേശം കേൾക്കാനോ മനസ്സിലാക്കാനോ തയാറില്ലാത്ത, ഭൗതിക സുഖങ്ങളിൽ മതിമറന്ന പ്രമാണിമാരുടെ സമ്പത്തും സ്ഥാനമാനങ്ങളും താങ്കൾ മതിപ്പോടെ കാണേണ്ടതില്ല. ഇവിടെ ഒരു സംഗതി അനുസ്മരണീയമാകുന്നു. പ്രവാചകവര്യന്മാർ പ്രബോധന പ്രവർത്തനത്തിന്റെ ആദ്യഘട്ടത്തിൽ പണക്കാരെയും പ്രമാണിമാരെയും കൂടുതൽ ലക്ഷ്യമിട്ടിരുന്നത് അവരുടെ പണവും അധികാരവും കൊതിച്ചുകൊണ്ടായിരുന്നില്ല. മറിച്ച് സമ്പത്തുകൊണ്ടും സ്ഥാനമാനങ്ങൾകൊണ്ടും അനുഗൃഹീതരായവരുടെ പാരത്രിക ജീവിതം കൂടി സൗഭാഗ്യകരമാകണമെന്നാശിച്ചുകൊണ്ടും അവർ സത്യദീനിലേക്ക് കടന്നുവരുന്നത് അവരുടെ സ്വാധീനവലയത്തിലുള്ളവർകൂടി കടന്നുവരാൻ കാരണമായിത്തീരുമെന്നതുകൊണ്ടുമായിരുന്നു. മുഹമ്മദ് നബി(സ) പ്രവാചകത്വത്തിന്റെ ആദ്യനാളുകളിൽ ഖുറൈശിപ്രമാണിമാരെ പ്രബോധനം ചെയ്യുന്നതിൽ കൂടുതൽ തൽപരനായതിന്റെ കാരണവും ഇതുതന്നെയാണ്. എത്രയൊക്കെ ഉൽബോധിപ്പിച്ചിട്ടും അവർ കണ്ണുതുറക്കാൻ കൂട്ടാക്കാതിരുന്നപ്പോൾ തന്റെ പ്രയത്നം വിജയിക്കുന്നില്ലല്ലോ എന്നും അല്ലാഹു എല്ലാ സൗഭാഗ്യങ്ങളും നൽകിയ ഈ ജനം നിത്യനരകത്തിലേക്കാണല്ലോ ഗമിക്കുന്നത് എന്നും ഓർത്ത് പ്രവാചകന് വലിയ ദുഃഖമുണ്ടായി. സൂറ *അൽകഹ്ഫ്* 6-ാം സൂക്തത്തിൽ ഇതെപ്പറ്റി ഇങ്ങനെ പ്രസ്താവിക്കുന്നുണ്ട്

فَلَعَلَّكَ بَاخِعٌ نَّفْسَكَ عَلَىٰٓ ءَاثَٰرِهِمْ إِن لَّمْ يُؤْمِنُوا۟ بِهَٰذَا ٱلْحَدِيثِ أَسَفًا ﴿٦﴾

(ഈ ജനം ഈ സന്ദേശത്തിൽ വിശ്വസിക്കാത്തതിൽ ദുഃഖം പൂണ്ട് അവർക്കു പിറകെ നടന്ന് നീ സ്വയം ഹനിച്ചേക്കാം) ഈ അവസ്ഥയിൽ അല്ലാഹു നബി(സ)യെ ആശ്വസിപ്പിക്കുകയാണ് وَلَا تَحْزَنْ عَلَيْهِمْ..... എന്ന വാക്യത്തിലൂടെ. പ്രവാചകൻ സ്വന്തം ഉത്തരവാദിത്വം നിർവഹിച്ചു കഴിഞ്ഞ സ്ഥിതിക്ക് ഇനി അവർക്കു വരാൻ പോകുന്ന വിപത്തിനെക്കുറിച്ച് ദുഃഖിക്കേണ്ട കാര്യമില്ല. പ്രബോധനത്തിന്റെ വീഴ്ചകൊണ്ടല്ല, അവരുടെ തന്നെ ദോഷം കൊണ്ടാണതു വരുന്നത്. പ്രവാചകൻ ഏറെ സ്നേഹിക്കേണ്ടതും സംരക്ഷിക്കേണ്ടതും പാവങ്ങളായ വിശ്വാസികളെയാണ്. സ്വന്തം കുഞ്ഞുങ്ങളെ ചിറകിനുള്ളിലൊളിപ്പിച്ചു വേട്ടപ്പക്ഷികളിൽനിന്നു സംരക്ഷിക്കുന്ന തള്ളപ്പക്ഷിയെപ്പോലെ പ്രവാചകൻ അവരോട് കാരുണ്യവും വിനയവുമുള്ളവനായിരിക്കേണം. ●